**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5186** **14-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വകുപ്പിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **54535** പേർക്ക് പട്ടയം നല്കി**.**

ഒരു വർഷത്തിൽ 27000 പട്ടയങ്ങളാണ് വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും ഒരു വർഷത്തിനുള്ളിൽ 54535 പേർക്ക് പട്ടയം നൽകി ചരിത്രം കുറിക്കാൻ സാധിച്ചു.

2. ഡിജിറ്റൽ റീസർവ്വെ

കേരളത്തിലെ 1666 വില്ലേജുകളും ഡിജിറ്റലായി അളക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഡിജിറ്റൽ റീസർവ്വെ പദ്ധതിക്ക് 858.42 കോടി രൂപയുടെ ബൃഹത് പദ്ധതി ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ 200 വില്ലേജുകളിൽ റീസർവ്വെ നടപടികൾ ആരംഭിച്ചു.

3. യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കി**.**

ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന ലക്ഷ്യത്തോടെ ആധാറിനെ തണ്ടപ്പേരുമായി ബന്ധിപ്പിക്കുന്ന യൂണിക് തണ്ടപ്പേർ എന്ന സംവിധാനം നടപ്പിലാക്കി.

4. റവന്യൂ കാൾ സെന്റർ രൂപീകരിച്ചു**.**

പൊതുജനങ്ങൾ റവന്യൂ സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ അറിയിക്കുന്നതിനുമായി ഐഎൽഡിഎം കേന്ദ്രീകരിച്ച് റവന്യൂ കാൾ സെന്റർ ആരംഭിച്ചു. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ 5 മണി വരെ 1800 425 5255 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് വിളിക്കാവുന്നതാണ്.

5. റവന്യു ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചു**.**

റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഐഎൽഡിഎം

കേന്ദ്രീകരിച്ച് റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം ആരംഭിച്ചു. അതിന്റെ ഭാഗമായി യൂട്യൂബ് ചാനലും, സ്റ്റുഡിയോയും ആരംഭിച്ചിട്ടുണ്ട്.

**6.** റവന്യൂ ജേണൽ

റവന്യൂ വകുപ്പിന്റെ വാർത്തകളും സർക്കാർ ഉത്തരവുകളും വകുപ്പിലെ ജീവനക്കാരുടെ സർഗ്ഗാത്മക സൃഷ്ടികളും ഉൾപ്പെടുത്തി കൊണ്ട് ഭൂമിക എന്ന പേരിൽ റവന്യൂ ജേണലിന്റെ പ്രസിദ്ധീകരണം ആരംഭിച്ചു.

**7.** വില്ലേജ് തല ജനകീയ സമിതികൾ

വില്ലേജ് ഓഫീസുകളെ ജനാധിപത്യവത്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വില്ലേജ് ജനകീയ സമിതികൾ പ്രവർത്തനം ആരംഭിച്ചു. എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച്ച ജനകീയ സമിതികൾ യോഗം ചേരുന്നു. നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ ഉൾപ്പെടുന്നതാണ് ഈ സമിതികൾ.

8. എം. എൽ. എ. ഫണ്ട് വിനിയോഗിച്ച് വില്ലേജ് ഓഫീസുകളിൽ കംബ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതി.

വില്ലേജ് ഓഫീസുകൾ ഇ ഓഫീസുകളെ കംപ്യൂട്ടർവത്ക്കരിക്കുന്നതിന് എംഎൽഎ മാരുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും അനുമതി ലഭ്യമാക്കി. പ്ലാൻ ഫണ്ട് ഉപയോഗിച്ച് മാത്രമാണ് ഇത്തരം സൗകര്യങ്ങൾ ഒരുക്കിയിരുന്നത്.

**9.** കെട്ടിക്കിടന്ന **212169** അപേക്ഷകളിൽ **206162** തരം മാറ്റ അപേക്ഷകൾ തീർപ്പാക്കി**.**

റവന്യൂ വകുപ്പ് ഏറ്റവും വെല്ലുവിളിയോടു കൂടി ഏറ്റെടുത്ത പ്രവർത്തനമായിരുന്നു ഇത്. രണ്ട് ലക്ഷത്തിലധികം വരുന്ന ഭൂമി തരം മാറ്റ അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനായി 6 മാസത്തേക്ക് താത്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയും വാഹനങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടെ നൽകുകയും ലക്ഷ്യം കാണുകയും ചെയ്തു. ഓൺലൈനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി മേൽപറഞ്ഞ സംവിധാനം 6 മാസത്തേക്ക് കൂടി അനുവദിച്ചിട്ടുണ്ട്.

10. **1244** തസ്തികകൾ സ്ഥിരം തസ്തികകളാക്കി

റവന്യൂ വകുപ്പിൽ റീ ഓർഗനൈസേഷന്റെ ഭാഗമായി സൃഷ്ടിച്ച തസ്തികകൾ താത്കാലികമായിരുന്നു. ഈ തസ്തികകൾക്ക് ഓരോ വർഷവും തുടർച്ചാനുമതി ലഭ്യമാക്കിയാണ് നാളിതുവരെ തുടർന്നുവന്നത്. ഇതിൽ 1244 തസ്തികകൾ സ്ഥിരം തസ്തികളാക്കി മാറ്റിയിട്ടുണ്ട്. ഇതിലൂടെ രണ്ട് പതിറ്റാണ്ടായി നിലനിന്ന ജീവനക്കാരുടെ ഒരു പ്രധാന ആവശ്യമാണ് നിറവേറ്റാനായത്.

**11.** പുതിയ ഓഫീസുകൾ**,** തസ്തികൾ

തിരുവനന്തപുരം - കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ (സിൽവർ ലൈൻ) പ്രഖ്യാപിക്കുന്നതിനായി ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ തസ്തികയും, 18 സ്പെഷ്യൽ തഹസിൽദാർ തസ്തികകളടക്കം 205 പുതിയ തസ്തികൾ സൃഷ്ടിക്കുകയും

പുതിയ ഓഫീസുകൾ ആരംഭിക്കുകയും ചെയ്തു. ഉടുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലൈൻ സ്പെഷൽ തഹസിൽദാർ LA യൂണിറ്റിനായി ഒരു സ്പെഷൽ തഹസിൽദാർ തസ്തികയും , നേമം-നെയ്യാറ്റിൻകര, നെയ്യാറ്റിൻകര-പാറശ്ശാല എന്നീ റെയിൽവേ ലാന്റ്അക്വിസിഷൻ യൂണിറ്റുകൾക്കായി 42 തസ്തികയും സൃഷ്ടിച്ചു.

**12.** സ്മാർട്ട് വില്ലേജ് ഓഫീസുകൾ

92 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി. 82 വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുന്നതിന് ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്.

**13.** അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വില്ലേജ് ഓഫീസർമാർക്ക് **25000** രൂപ വരെ ചിലവഴിക്കുന്നതിനുള്ള അധികാരം നൽകി**.**

**14.** വില്ലേജ് ഓഫീസ് സേവനം നിർബന്ധമാക്കുന്നതിനുള്ള നിയമ ഭേദഗതി

15. റവന്യൂ അവാർഡ്

റവന്യൂ ജീവനക്കാരുടെ സേവന തൽപരത, സുതാര്യവും അഴിമതി വിമുക്തവുമായ സേവനം എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പിലെ മികച്ച ജീവനക്കാർക്കായി അവാർഡുകൾ ഏർപ്പെടുത്തി. എല്ലാ വർഷവും റവന്യൂ ദിനമായ ഫെബ്രുവരി 24 ന് അവാർഡുകൾ വിതരണം ചെയ്യും

16. പട്ടയവിതരണത്തിന് പ്രത്യേക ഡാഷ് ബോർഡ്

പട്ടയവിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലേയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഒരു ഡാഷ്ബോർഡ് സജ്ജമായി വരുന്നു. ഇത് പൂർത്തിയാകുന്നതോടെ ഓരോ പ്രദേശത്തേയും പട്ടയവിതരണത്തിനുള്ള തടസ്സങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും എല്ലാ ഭൂമിക്കും രേഖ എന്ന ലക്ഷ്യ സാക്ഷാത്ക്കാരത്തിലേക്കെത്തിക്കുന്നതിനും സാധിക്കും.

**17.** ലാന്റ് ട്രിബ്യൂണൽ പട്ടയ അദാലത്ത്

ലാന്റ് ട്രിബ്യൂണൽ വഴി വിതരണം ചെയ്യുന്ന ക്രയസർട്ടിഫിക്കറ്റുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിച്ചു. കൂടാതെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നൽകി വരുന്നു.

18. പട്ടയങ്ങളും സ്മാർട്ടാവുന്നു**.**

സംസ്ഥാനത്ത് ഇനി മുതൽ ഇ-പട്ടയങ്ങൾ ആയിരിക്കും വിതരണം ചെയ്യുക. നിലവിൽ പേപ്പറിൽ അച്ചടിച്ച പട്ടയങ്ങളാണ് വിതരണം ചെയ്യുന്നത്. ഇത്തരത്തിലുള്ള പട്ടയങ്ങൾ നഷ്ടപ്പെട്ടാൽ അതിന് പകർപ്പുകൾ എടുക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യമുണ്ടായിരുന്നു. ഇതിനൊരു പരിഹാരമാണ് ഇ-പട്ടയം. സോഫ്ട് വെയർ അധിഷ്ഠിതമായി ഡിജിറ്റലായി നൽകുന്ന പട്ടയമാണ് ഇ-പട്ടയം.

19. ഭൂനികുതി ഒടുക്കുന്നതിന് മൊബൈൽ അപ്ലിക്കേഷൻ

**20.** ലൊക്കേഷൻ സ്കെച്ച് തണ്ടപ്പേർ അക്കൗണ്ട് എന്നിവ ഓൺലൈനിൽ

**21.** ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഓൺലൈൻ മൊഡ്യൂൾ

**22.** തണ്ടപ്പേർ രജിസ്റ്റർ**,** ബിടിആർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം**.**

**23.** നവീകരിച്ച ഇ**-**പെയ്മന്റ് പോർട്ടൽ

റവന്യൂ വകുപ്പ് വില്ലേജ് ഓഫീസുകൾ വഴി ശേഖരിക്കുന്ന ഭൂനികുതി, കെട്ടിട നികുതി റവന്യൂ റിക്കവറി തുടങ്ങിയ തുകകൾ ഇ-പോസ് മെഷീൻ വഴിയോ യുപിഐ പെയ്മെന്റ് മുഖേനയോ ഒടുക്കുന്നതിന് സഹായകരമായ നവീകരിച്ച ഇ-പെയ്മെന്റ് പോർട്ടൽ നടപ്പിലാക്കി.

**24.** സോഷ്യൽ സെക്യൂരിറ്റി പെൻഷന് ഓൺലൈൻ മോഡ്യൂൾ

**25.** ആർ**.**എം സെൽ **(**റവന്യൂ മിനിസ്റ്റേഴ്സ് സെൽ**)**

പൊതുജനങ്ങൾ റവന്യൂ വകുപ്പ് മന്ത്രിക്ക് നേരിട്ടും "മിത്രം"എന്ന ഓൺലൈൻ പോർട്ടൽ മുഖേനയും സമർപ്പിക്കപ്പെടുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനും അപേക്ഷകർക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിനുമായി എല്ലാ കളക്ട്രേറ്റുകളിലും ആർ.ആർ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ആർ.എം സെൽ എന്ന സംവിധാനം രൂപീകരിച്ചു. എം.എൽ.എ മാർക്കുള്ള ഡാഷ് ബോർഡിന്റെ ജില്ലയിലെ നിരീക്ഷണ ചുമതലയും ആർഎം സെല്ലിനാണ്.

26. കോവിഡ് എക്സ്ഗ്രേഷ്യ പേയ്മെന്റ് പോർട്ടൽ

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ ആശ്രിതർക്ക് എക്സ്ഗ്രേഷ്യ പേമെന്റ് അനുവദിക്കുന്നതിനും അപേക്ഷിക്കുന്നതിനും ഓൺലൈൻ സംവിധാനം നടപ്പിലാക്കി.

**27.** പിൻന്തുടർച്ച അവകാശ സർട്ടിഫിക്കറ്റിന് ഓൺലൈൻ മൊഡ്യൂൾ

**28.** ജില്ലാ റവന്യു അസംബ്ലി

ഓരോ ജില്ലയിലേയും റവന്യു വകുപ്പുമായി ബന്ധപ്പെട്ട പരാതികളും ആവശ്യങ്ങളും വേഗത്തിൽ തീർപ്പാക്കുക എന്ന ലക്ഷ്യത്തെടെ ജില്ലാ റവന്യു അസംബ്ലി എന്ന സംവിധാനത്തിന് തുടക്കമിട്ടത്. ഓരോ ജില്ലയിലേയും നിയമസഭാ സാമാജികരേയും റവന്യു – സർവ്വെ - ഭവന നിർമ്മാണ - ദുരന്ത നിവാരണ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിലാണ് യോഗം. ജില്ലാ റവന്യു അസംബ്ലിയുടെ ആദ്യ യോഗം 2021 ജൂലൈ മാസം 22 മുതൽ ആഗസ്റ്റ് 12 വരെയും രണ്ടാമത് യോഗം 2022 ജൂൺ, ജൂലൈ മാസങ്ങളിലും തിരുവനന്തപുരത്ത് ഐഎൽഡിഎം ൽ വച്ച് ചേരുകയുണ്ടായി.

**29.** എംഎൽഎ മാർക്കുള്ള ഡാഷ് ബോർഡ്

ജില്ലാ റവന്യു അസംബ്ലിയിൽ നിയമസഭാ സാമാജികർ ഉന്നയിക്കുന്ന ആവശ്യങ്ങളും പരാതികളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും അവക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിനും ലക്ഷമിട്ട് ഒരു ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഓരോ എംഎൽഎ മാർക്കും നൽകുന്ന യൂസർ നെയിമും പാസ് വേഡും ഉപയോഗിച്ച് ഡാഷ് ബോർഡിൽ ലോഗിൻ ചെയ്യാവുന്നതും അവരവരുടെ മണ്ഡലത്തിലെ വിവിധ

പദ്ധതികളുടെ പ്രവർത്തന പുരോഗതിയും ഉന്നയിച്ച ആവശ്യങ്ങളുടെ പരിഹാരവും കാണാനാകും.

**30.** റവന്യു സെക്രട്ടേറിയറ്റ്

റവന്യു– സർവ്വെ - ഭവന നിർമ്മാണ-ദുരന്തനിവാരണ വകുപ്പുകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും പുതിയ ആശയങ്ങൾ സ്വരൂപിക്കുന്നതിനുമായി എല്ലാ ബുധനാഴ്ച്ചയും റവന്യു സെക്രട്ടേറിയറ്റ് എന്ന പേരിൽ യോഗം ചേരുന്നു. 53 യോഗങ്ങൾ ഇതിനോടകം ചേർന്നു. റവന്യു വകുപ്പ് മന്ത്രി, റവന്യു വകുപ്പിലെ അഡീ.ചീഫ് സെക്രട്ടറി, ലാന്റ് റവന്യു കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മീഷണര്, കെസ്നിക് ഡയറക്ടർ, ഐഎൽഡിഎം ഡയറക്ടർ, ഹൗസിംഗ്കമ്മീഷണർ, ലാന്റ് ബോർഡ് സെക്രട്ടറി, സർവ്വെ ഡയറക്ടർ എന്നിങ്ങനെ 9 പേരടങ്ങുന്നതാണ് റവന്യു സെക്രട്ടേറിയറ്റ്. വകുപ്പുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി ഓരോ സെക്രട്ടേറിയറ്റിലും വിശകലനം ചെയ്യുന്നതു വഴി പ്രവർത്തനങ്ങൾക്ക് വേഗത കൈവരുന്നതും പുതിയ പദ്ധതികൾ ഉണ്ടാകുന്നതും ദർശിക്കാനാകും.

31. എല്ലാ വില്ലേജ് ഓഫീസുകൾക്കും വെബ്സൈറ്റ്

**32.** റവന്യൂ ഇൻഫർമേഷൻ ബ്യൂറോ

റവന്യൂ വകുപ്പ് മുഖേന നൽകുന്ന സേവനങ്ങളെ കുറിച്ചും അവ ലഭ്യമാക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് സേവനങ്ങളെ സുതാര്യമാക്കാനുള്ള മാർഗ്ഗങ്ങളിലൊന്നെന്ന്

തിരിച്ചറിഞ്ഞ് റവന്യൂ സംബന്ധമായ വിഷയങ്ങളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള ചെറു വിവരണങ്ങൾ, വീഡിയോകൾ എന്നിവ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ കേന്ദ്രമായ ഐ.എൽ.ഡി.എം. ആസ്ഥാനമാക്കി ഒരു റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രചാരണ പ്രവർത്തനങ്ങൾക്കായി ഒന്നേകാൽ ലക്ഷത്തിലധികം വരിക്കാരുമായി ആർഐബിയുടെ യൂട്യൂബ് ചാനൽ (https://yoututbe.com/@rbikeralam) ബഹു.മുഖ്യമന്ത്രി ഫെബ്രുവരി 24-ാം തീയതി പ്രകാശനം ചെയ്തു.